'ഭരണഭാഷ-മാതൃഭാഷ'

കേരളസർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ജീവൻരക്ഷാ പദ്ധതി - 2027 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്

സ.ഉ(അച്ചടി)നം.119/2026/ധന **തീയതി,തിരുവനന്തപുരം, 17/11/2026**

പരാമർശം :-
1. സ.ഉ.(പി) നം. 616/2010/ധന തീയതി 23/11/2010
2. സ.ഉ.(പി) നം. 606/2012/ധന തീയതി 03/11/2012
3. സർക്കുലർ നം. 79/എസ്റ്റാ.ഡി2/2013 ധന തീയതി 19/10/2013
4. സ.ഉ.(പി) നം. 469/15/ധന തീയതി 17/10/2015
5. സ.ഉ.(പി) നം. 526/2015/ധന തീയതി 19/11/2015
6. സ.ഉ.(പി) നം. 144/2016 ധന തീയതി 30/09/2016
7. സ.ഉ.(പി) നം. 133/2017/ധന തീയതി 21/10/2017
8. സ.ഉ.(പി) നം. 175/2018/ധന തീയതി 12/11/2018
9. സർക്കുലർ നം. 57/2019/ധന തീയതി 30/05/2019
10. സ.ഉ.(പി) നം. 159/2019/ധന തീയതി 18/11/2019
11. സ.ഉ.(പി) നം. 150/2020/ധന തീയതി 05/11/2020
12. സ.ഉ.(സാധാ) നം. 6803/2020/ധന തീയതി 23/11/2020
13. സ.ഉ.(പി) നം. 95/2022/ധന തീയതി 26/08/2022
14. സ.ഉ.(പി) നം. 17/2023/ധന തീയതി 22/02/2023
15. സ.ഉ.(പി)നം. 112/2023/ധന തീയതി 18/11/2023
16. സ.ഉ.(പി)നം. 99/2024/ധന തീയതി 19/11/2024
17. സ.ഉ.(പി)നം. 143/2025/ധന തീയതി 10/11/2025
18. ഇൻഷ്വറൻസ് ഡയറക്ടറുടെ 22/10/2026 തീയതിയിലെ കെ.എസ്.ഐ.ഡി 1505/2025-എച്ച് കൃ എം4 നമ്പർ കത്ത്.

ഉത്തരവ്

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം (1) ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, പരാമർശം (14) പ്രകാരം ടി പദ്ധതി ജീവൻരക്ഷാ പദ്ധതി എന്നു പുനർനാമകരണം ചെയ്തുകൊണ്ടും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാർ, അപ്രൈസർമാർ, വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാർ, മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികൾ, പരാമർശം (17) ഉത്തരവിലെ ഖണ്ഡിക 17 ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം (17) പ്രകാരം ജീവൻരക്ഷാ പദ്ധതി 2026 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. നിലവിലുള്ള ജീവൻരക്ഷാ പദ്ധതിയുടെ കാലാവധി 31/12/2026 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി 01/01/2027 മുതൽ 31/12/2027 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം (18) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/01/2027-മുതൽ 31/12/2027 വരെയുള്ള 2027-വർഷത്തെ ജീവൻരക്ഷാ പദ്ധതി താഴെപറയുന്ന വ്യവസ്ഥകളോടെയും ഈ വ്യവസ്ഥകൾക്ക്

വിധേയമായ മാറ്റങ്ങളോടെ മുൻ വർഷങ്ങളിലെ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും പുതുക്കി അനുവദിച്ചു ഉത്തരവാകുന്നു.

1. വാർഷിക പ്രീമിയം തുകയായ 1000 രൂപ നിരക്കിൽ, അപകടം മൂലമുള്ള മരണത്തിന്റെ പരിരക്ഷ 15 ലക്ഷം രൂപയും അപകടം അല്ലാതെയുള്ള മരണത്തിന്റെ പരിരക്ഷ 5 ലക്ഷം രൂപയായും തുടരുന്നതാണ്.
2. സൂചന (17) ഉത്തരവിലെ ഖണ്ഡിക 16(9) നിലനിറുത്തികൊണ്ട് 16(8) ൽ ചുവടെ ചേർക്കുംവിധം ഭേദഗതി വരുത്തുന്നു.

	അപകടത്തെതുടർന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ ശതമാനാടിസ്ഥാനത്തിലുള്ള അംഗവൈകല്യം (Disability w.r.to whole body)	
	a) 40% വരെയുള്ള അംഗവൈകല്യം	മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന ശതമാനാടിസ്ഥാനത്തിൽ
	b)41%-60% വരെ അംഗവൈകല്യം	വാഗ്ദത്തതുകയുടെ 50%
	c)61%-80% വരെ അംഗവൈകല്യം	വാഗ്ദത്തതുകയുടെ 75%
	d)81% -100% വരെ അംഗവൈകല്യം	വാഗ്ദത്തതുകയുടെ 100%

3. അപകടത്തെ തുടർന്ന് അംഗഭംഗം സംഭവിച്ചാൽ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന സാഹചര്യത്തിൽ, സൂചന (17) ഉത്തരവിലെ ഖണ്ഡിക 16 ലെ 1 മുതൽ 7 വരെയുള്ള പട്ടിക പ്രകാരമുള്ള തുകയായിരിക്കും അനുവദിക്കുക. പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത ശാരീരിക വൈകല്യങ്ങൾക്ക് മെഡിക്കൽ ബോർഡ് അനുവദിക്കുന്ന ശതമാനാടിസ്ഥാനത്തിലുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നിരക്കനുസരിച്ച് മുൻ ഖണ്ഡിക പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

4. അപകടത്തെ തുടർന്ന് തുടർച്ചയായി 350 ദിവസം കോമ (Coma) അവസ്ഥയിലായ വ്യക്തിക്ക് മുഴുവൻ വാഗ്ദത്തതുകയും 240 ദിവസം തുടർച്ചയായി കോമ അവസ്ഥ പിന്നിടുന്ന മുറയ്ക്ക് വാഗ്ദത്തതുകയുടെ 50% ആനുകൂല്യവും നൽകുന്നതാണ്.

5. അപകടത്തെ തുടർന്നുണ്ടാകുന്ന താൽക്കാലിക വൈകല്യം (Temporary disability) മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പ്രകാരം കുറഞ്ഞത് 2 വർഷം നീണ്ടു നിൽക്കുന്നതാണെങ്കിൽ താഴെപറയുന്ന പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

(a)

Temporary disability 50% ന് മുകളിൽ	
ക്ലെയിം ലഭിക്കുന്നതിന് അർഹമായ ഡിസെബിലിറ്റി (Temporary) കാലയളവ്	അനുവദനീയമായ തുക
2 വർഷം മുതൽ 4 വർഷം വരെ	വാഗ്ദത്തതുകയുടെ 25%
4 വർഷത്തിന് മുകളിൽ	വാഗ്ദത്തതുകയുടെ 50%

(b) Temporary disability സർട്ടിഫിക്കറ്റ് പ്രകാരം ക്ലെയിം തുക അനുവദിക്കുകയും പിന്നീട് അത് സ്ഥിരമായ അംഗവൈകല്യം (Permanent disability) ആയി മാറുകയും, അപ്രകാരം Disability Certificate സമർപ്പിക്കുകയും ചെയ്താൽ സ്ഥിരമായ അംഗവൈകല്യത്തിന് (Permanent disability) നിർദ്ദിഷ്ട ഉത്തരവ് പ്രകാരം അർഹമായ തുക അനുവദിക്കാവുന്നതാണ്. ഇത്തരം സന്ദർഭത്തിൽ താത്ക്കാലിക വൈകല്യത്തിന് നേരത്തെ അനുവദിക്കപ്പെട്ട തുകയുടെ ബാക്കി തുകയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

6. അപകടത്തിൽപെട്ട വ്യക്തി മദ്യം ഉപയോഗിച്ചിരുന്നതായി തെളിയുന്ന സാഹചര്യത്തിൽ ടിയാളുടെ മദ്യ ഉപയോഗം അപകടത്തിന്റെ മൂല കാരണമെന്ന (Proximate Cause) നിലയിൽ യുക്തിസഹമായി സ്ഥാപിക്കാനാവാത്ത പക്ഷം പ്രസ്തുത വ്യക്തിക്ക് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

7. 2027 വർഷത്തേയ്ക്കുള്ള പ്രീമിയം 2026 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി 2026 ഡിസംബർ 31 നകം ഇൻഷുറൻസ് & പെൻഷൻ ഫണ്ടിന് കീഴിൽ 8011-00-105-89 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ സസ്പെൻഷനിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2026 ഡിസംബർ 31 നകം സ്വന്തം നിലക്ക് പ്രീമിയം തുക ഡി.ഡി.ഒ മുഖാന്തിരമോ E-treasury സൈറ്റിലൂടെയോ 8011-00-105-89 ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. നേരിട്ട് തുക ഒടുക്കുന്നവർ ചലാന്റെ ഒരു പകർപ്പ് സ്വയം സൂക്ഷിക്കേണ്ടതും, ഒരു പകർപ്പ് ഡി.ഡി.ഒ, ഒരു പകർപ്പ് ഡി.ഡി.ഒ മുഖാന്തിരം ഇൻഷുറൻസ് ഡയറക്ടർ എന്നിവർക്ക് സമർപ്പിക്കേണ്ടതുമാണ്. ചലാന്റെ ഒരു പകർപ്പ് ഡി.ഡി.ഒ രേഖാമൂലം ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

8. പ്രീമിയം ഒടുക്കേണ്ട അവസാന തീയതിയായ 31.12.2026 ന് ശേഷം സമർപ്പിക്കപ്പെടുന്ന ശമ്പള ബില്ലുകളിൽ ജീവൻരക്ഷാ പ്രീമിയം തുക ഒടുക്കുന്നതിനുള്ള സൗകര്യം ഒഴിവാക്കുന്നതിനും ടി തീയതിക്ക് ശേഷം പ്രീമിയം തുക ട്രഷറികളിൽ നേരിട്ടോ/e-treasury site വഴി ഓൺലൈൻ ആയോ സ്വീകരിക്കാതിരിക്കാനുള്ള നടപടികൾ യഥാക്രമം SPARK, ട്രഷറി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

9. ജീവൻരക്ഷാ/ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും ഈ ഉത്തരവ് പ്രകാരം വരുത്തിയിരിക്കുന്ന മാറ്റങ്ങൾക്ക് വിധേയമായി തുടരുന്നതാണ്. മേൽ വ്യവസ്ഥകളിൽ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938-ലെ ഇൻഷുറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു. സി. എം.
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്)
ഇൻഷുറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നല്കേണ്ടതാണ്.)
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ചീഫ് സെക്രട്ടറി, സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരള, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്പാർക്ക്, പി.എം.യു – 1st ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം–695034
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.3683805/എസ്റ്റാ.ഡി3/51/2026/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ